# പെയ്തൊഴിയാത്തത്..

Little Kites Digital Magazine
RKHS,OLAVILAM

# മഴവില്ല്

മഴവില്ലേ നല്ലൊരു മഴവില്ലേ
മഴപെയ്താൽ വരും മഴവില്ലേ
എന്ത് ചന്തം മഴവില്ലേ
ഏഴ് നിറമുള്ള മഴവില്ലേ
ഞങ്ങൾക്കിഷ്ടം മഴവില്ലേ
മഴവില്ലേ നല്ലൊരു മഴവില്ലേ
പോകല്ലേ നീ മഴവില്ലേ

ഗൗരിക
സന്തോഷ്

# ക്രൂട്ടിൽ ഒറ്റപെട്ടു പോയ ഒരു പക്ഷിക്കുഞ്ഞ്

ഒരു ദിവസം അഞ്ചലി എന്നൊരു കുട്ടി ഒരു വലിയ കാട്ടിലൂടെ നടന്ന് പോവുകയായിരുന്നു. അപ്പോൾ ആ കാട്ടിൽ വലിയ വലിയ മരങ്ങൾ ഉണ്ടായിരുന്നു അതിൽ ഒരു ഞാവൽ മരവും ഉണ്ടായിരുന്നു. അപ്പോളാണ് നടന്ന് പോയികൊണ്ടേ ഇരിക്കുമ്പോൾ അഞ്ചലി ആ കാഴ്ച്ച കണ്ടത്. ഞാവൽ മരത്തിന്റ കൊമ്പിൽ ഒരു ചെറിയ പക്ഷിക്കൂട്. പിന്നെ അഞ്ചലി ആ ക്രൂടിനെ ഒന്ന് സൂക്ഷിച്ച് നോക്കി. അപ്പോളാണ് അവൾക്ക് മനസ്സിലായത് ആ ക്രൂടിന്റെ ഉള്ളിൽ ഒരു പക്ഷിക്കുഞ്ഞ് ഉണ്ടെന്ന്. പക്ഷെ അത് ഒറ്റക്കായിരുന്നു അവൾക്ക് ആ പക്ഷിക്കുഞ്ഞിനോട് ദയ തോന്നി. അവൾ ആ പക്ഷിക്കുഞ്ഞിനേയും എടുത്ത്കൊണ്ട് സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി. അവൾ അങ്ങനെ കുറെ നടന്ന് വീട്ടിലെത്തി. അവൾ വീട്ടിലെത്തിയതും  അഞ്ചലിയുടെ അച്ഛൻ അഞ്ചലിയോട് ചോദിച്ചു. മോളെ മോൾക്ക് എവിടെ നിന്നാണ് ഈ പക്ഷിക്കുഞ്ഞിനെ കിട്ടിയതതെന്ന്. അഞ്ചലി നടന്നതെല്ലാം അച്ഛനോച് പറഞ്ഞു.  ശെരി മോളെ  എന്നാൽ നമുക്ക് ഈ പക്ഷിക്കുഞ്ഞിനെ വളർത്താം എന്ന് പറഞ്ഞു. അങ്ങനെ അടുത്ത ദിവസം ഒരു പക്ഷിക്കൂട് വാങ്ങി. അവൾ പക്ഷിക്കുഞ്ഞിന്റെ ക്രൂടെ കളിക്കുകയായിരുന്നു. അപ്പോളാണ് അഞ്ചലിയോട് അവളുടെ അച്ഛൻ വേഗം റെഡിയാകുവാൻ പറഞ്ഞു. അവൾ  എന്താ കാര്യം എന്ന് അച്ഛനോട് ചോദിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു.ഞങ്ങൾ മൂന്ന് ദിവസം അച്ഛന്റെ വീട്ടിൽ താമസിക്കാൻ പോവുകയാണെന്ന്. അപ്പോൾ അവൾ വിഷമത്തോടെ  അവിടെ നിന്ന് പോയി. അങ്ങനെ മൂന്ന് ദിവസം കഴിഞ്ഞ് അവൾ വന്ന് നോക്കുമ്പോൾ പക്ഷിക്കുഞ്ഞ് ഭക്ഷണം കിട്ടാതെ മരിച്ചു കിടക്കുന്നു.അവൾക്ക് തോന്നി . അവൾ കുറേ നേരം കരഞ്ഞു. അവൾ പിന്നെ ഒരു  പക്ഷികൾക്കും ഭക്ഷണം കൊടുക്കാതെ നിന്നിട്ടില്ല. ഇതാണ് പറയുന്നത് ഓരോ ജീവികൾക്കും ഓരോ പ്രത്യേക ജീവിതങ്ങളുണ്ടെന്ന്. അത് ഞങ്ങൾ തിരുത്താൻ പാടില്ല എന്നും.

Mehjabin

# മനുഷ്യൻ

പെട്ടെന്ന് പിണങ്ങുന്നവരെയും
പെട്ടെന്ന് ഇണങ്ങുന്നവരെയും
പെട്ടെന്ന് കരയുന്നവരെയും
ജീവിതത്തിൽ കൂടെ കൂട്ടിക്കോളൂ.....
അവർ എന്നും എപ്പോഴും
ജെനുവിൻ തന്നെ ആയിരിക്കും
കാരണം അവരാണ്
യഥാർത്ഥ മനുഷ്യർ......

ജനനി എസ്
std 9

ചിതറിത്തെറിക്കുന്നചിന്തകളിലെപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്ന്മാത്രം
മഴവില്ല് പോലെ നീ മനസ്സിൽ
തെളിയുമ്പോൾ ഉണരുന്നു എന്നിലെ
മോഹങ്ങളും
ചിതറിത്തെറിക്കുന്നചിന്തകളിലെപ്പോഴും
നിന്റെ ഈ പുഞ്ചിരി ഒന്ന് മാത്രം

Nainika 2nd std

# ഇത് എന്റെ വീട്

ഇത് എന്റെ വീട് എന്റെ വീട്
എന്റെ ഓർമ്മ അത് പുഞ്ചിരിപോലെ വിടർന്ന
വീട്
ഓർമിച്ചും കളിച്ചും രസിച്ച വീട്
നാളൊരു നാളിൽ പുഞ്ചിരിയെന്ന വീട്
ഓർമകൾ കാണുമ്പോൾ മനസ്സിൽ
സന്തോഷമാണത് സന്തോഷം.
അച്ഛന്റെ അമ്മയുടെ ക്രൂടെയും
രസിച്ച വീട്.
എന്റെ വീട് എന്റെ വീട്
പൂപോലെ വിടരുന്ന വീട് പുഞ്ചിരി
ഓർമകൾ കവിഞ്ഞ വീട്.
വീടുവിട്ടുപിരിഞ്ഞാൽ എന്റെ വിഷമം
അത് വ്ങ്ങി വിങ്ങുന്ന നേരം
അത് ആരോടും മിണ്ടാതെ മൂലയ്ക്ക് നിൽക്കും.
എന്റെ വീട് എന്റെ വീട് എന്റെ വീട്
ആശയും ആഘോഷംനിറഞ്ഞ വീട്.

ശിവന്യ ശ്രീജിത്ത് കെ

# കിട്ടുമുയലും മിട്ടൻകരടിയും

ഒരുകാട്ടിൽ കിട്ടൻ എന്ന പേരുള്ള ദുഷ്ടനായ ഒര് കരടിക്കുട്ടനുണ്ടായിരുന്നു. കിട്ടൻ കരടി കാട്ടിലെ ചെറിയ ചെറിയ എല്ലാ ജീവികളെയും ഉപദ്രവിച്ചിരുന്നു. ഒരു ദിവസം മിട്ടുമുയൽ കാട്ടിലെ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങികയായിരുന്നു. പെട്ടെന്ന് മിട്ടു മുയലിന്റെ ദേഹത്ത് എന്തോ വന്ന് വീണു മിട്ടു മുയൽ എണീറ്റ് ചുറ്റുപാടും നോക്കി. അതാ കിട്ടൻ കരടി ഇരുന്നു ചിരിക്കുന്നു. അവനാണ് കല്ലെറിഞ്ഞത്. മിട്ടുമുയൽ ഒന്നും മിണ്ടാതെ നടന്നു.കുറച്ച് കഴിഞ്ഞ്  അതാ ഒരു കരച്ചിൽ കേൾക്കുന്നു. രക്ഷിക്കണേ....രക്ഷിക്കണേ കേട്ടസ്ഥലത്തേക്ക് മിട്ടുമുയൽ ഓടിച്ചെന്നു. നോക്കുമ്പോഴതാ നമ്മുടെ കിട്ടൻ കരടി തേനീച്ചകളുടെ കുത്തുകൊണ്ട് മുഖമൊക്കെ വീർത്ത് വിഷമിച്ചിരിക്കുന്നു. ഇതുകണ്ട മിട്ടുവിന് വിഷമമായി. മിട്ടു പറഞ്ഞു നീ എന്തിനാണ് തേനീച്ചകളെ ഉപദ്രവിച്ചത്. കാട്ടിലെ എല്ലാ ജീവികളെയും നീ ഉപദ്രവിക്കുന്നില്ലേ. അതുകൊണ്ടാണ് ഇപ്പോ നിനക്ക് ഇങ്ങനെ ഒരു പണിക്കിട്ടിയത്. സാരമില്ലാ നമ്മുക്ക് പരിഹാരമുണ്ടാക്കാം. മിട്ടുമുയൽ തിരിച്ചു പോയി.

തൻവിയ
std 2

# മിട്ടുക്കൻ മിട്ടു

ഒരു ദിവസം മിട്ടു എന്ന മുയൽ ഒരു
മരച്ചുവട്ടിൽ
കിടന്ന് ഉറങ്ങുകയായിരുന്നു. പെട്ടെന്ന്
എന്തോ ഒരു സാധനം ദേഹത്ത് തട്ടി മിട്ടു
ഞെട്ടി ഉണർന്നു. അതാ ഒരു കല്ല്.
ഇതെവിടെനിന്നാ? മിട്ടു ചുറ്റും നോക്കി.
അപ്പോഴോ? ഒരു കരടിക്കുട്ടൻ
നിന്നു ചിരിക്കുന്നു. അവനാണ്
കല്ലെറിഞ്ഞത്. മിട്ടു
ഒന്നും മിണ്ടാതെ നടന്നു. കുറച്ചുകഴിഞ്ഞപ്പോൾ
അതാ ഒരു കരച്ചിൽ അയ്യോ........
രക്ഷിക്കണേ. കരച്ചിൽ കേട്ട സ്ഥലത്തേക്ക് മിട്ടു
ഓടി ചെന്നു. അവിടെയതാ തേനീച്ച
കുത്ത്കൊണ്ട് വീർത്ത
മുഖവുമായി ഇരിക്കയാണ് കരടി കുട്ടൻ.
മിട്ടുവിന്
പാവം തോന്നി. വിഷമിക്കേണ്ട ഇതിനുള്ള
മരുന്ന്
എനിക്കറിയാം. മിട്ടു ഓടിപ്പോയി ഒരു പച്ചില
മരുന്നുമായി വന്നു. എന്നിട്ട് മുഖത്ത് പുരട്ടി.

pranoy
std 2

# തനിയെ

ഞാൻ തനിച്ചിരുന്നേരം
എന്നെ കാറ്റ് തഴുകിയുണർത്തി
പൂമ്പാറ്റയായ് ഞാൻ പാറിനടന്നു
പൂവിനെ പോലെ ഞാൻ സുന്തരിയായിരുന്നു
എന്റെ ഓരോ കാൽപാദവും ഭൂമിയെ
തലോടി
മരങ്ങളും ചെടികളും എന്നെ നോക്കി
പുഞ്ചിരിച്ചു

ശ്രീലിയ

std 4

## ഒരു വെടിക്ക് രണ്ട് പക്ഷി

ഒരു തടാകക്കരയിലുള്ള മരത്തിൽ രണ്ടു കൊക്കുകൾ താമസിച്ചിരുന്നു. ദുഷ്ടമൃഗങ്ങളിൽ നിന്ന്  രക്ഷനേടുന്നതിനായി അവർ മരത്തിന്റെ ഏറ്റവും ഉയരത്തിലാണ് വച്ചിരുന്നത്. ഇടുന്ന മുട്ടകൾ വിരിയുന്നതിനായി
അവർ ആകാംശയോടെ കാത്തിരുന്നു. പക്ഷെ കഷ്ടം ഒരു പാമ്പ് കൂട്ടിലെ മുട്ടകൾ കണ്ടെത്തുകയും അവ അകത്താക്കാനും തുടങ്ങി.
കൊക്കുകൾ നിരാശരായി. ആ വലിയ പാമ്പിനോട് മല്ലിടുവാനുള്ള  ശേഷി അവയ്ക്കില്ലായിരുന്നു.
അടുത്തുള്ള കുളത്തിൽ മീൻ പിടിക്കുവാൻ പോയ ഇരുവർക്കും കരച്ചിലടക്കാനായില്ല. ഒരു ഞണ്ട് ഇത് കാണുവാനിടയായി.അവൻ അവക്കരികിലേക്ക് സാവധാനം നീങ്ങി.എന്നിട്ട് ചോദിച്ചു ചങ്ങാതിമാരെ നിങ്ങളുടെ ദുഃഖ കാരണം എന്നോട് പറയാമൊ? കൊക്കുകൾ ഒന്നിച്ചു പറഞ്ഞു. ഞണ്ട് ചേട്ടാ ഒരു പാമ്പ്  ഞങ്ങളുടെ മുട്ടകളെല്ലാം അകത്താക്കുകയാണ്. അവന്റെ ശല്ല്യം ഇല്ലാതാക്കാൻ എന്തു ചെയ്യണമെന്ന് ഞങ്ങൾക്കറിയില്ല. ഞണ്ട് ചിന്തിച്ചു. എനിക്ക് കൊക്കുകളെയും പാമ്പിനെയും വെറുപ്പാണ്. ഇവ രണ്ടും ഞങ്ങൾക്ക് ഭീഷണിയാണ്. രണ്ടിനെയും ഒറ്റയടിക്കില്ലാതാക്കാൻ ഈ അവസരം വിനിയോഗിക്കണം.

ഷഹന കതീജ
std 2

# കണ്ണീർ മഴ

അകലെ പെയ്യുമ്പോൾ കൊതിയാകും

അരികിൽ പെയ്യുമ്പോൾ കുളിരായും

മെല്ലെ പെയ്യുമ്പോൾ അനുഭൂതിയായും

നനഞ്ഞു കുതിർത്തൊരു കണ്ണീർ മഴ

സൂര്യനറയാതെ കാർമേഘം ഭൂമിക്കു

നൽകിയ
പ്രേമലേഖനമത്രേ മഴ

കണ്ണീർ മഴ

പ്രേമനൊമ്പരമാണത്രേ കണ്ണീർ മഴ.....

shivapriya K.T.K
VII-A

# കണ്ണന്റെ ഓടക്കുഴൽ

കണ്ണന്റെ ഓടക്കുഴൽ

നാദം കേട്ടുഞാൻ

മയങ്ങിപോയി.

കണ്ണനെ കാണാൻ

കൊതിച്ചുപോയി

എങ്ങനെ കാണും

കണ്ണനെ ഞാൻ?

എങ്കിലും എൻ മനസ്സിൽ

കണ്ണൻ മാത്രം

ഓടക്കുഴലിന്റെ നാദം

കേട്ടെന്റെ മനസ്സിൽ

സ്നേഹമുണർന്നു!

എസ് ജാൻകി

# പൊഴിയുന്ന ഇലകൾ

കോച്ചുന്ന തണുപ്പിലും
കത്തുന്ന വെയിലിലും
നാളേറെ മണ്ണിൽ
നിദ്രയിലാണ്ടു ഞാൻ
നാൾക്കുനാൾ വീണൊരു
കരിയില കൂമ്പാരം
കത്തിച്ചു കളഞ്ഞതും
ഞാനും സ്വതന്ത്രയായി
നാളേറെ പെയ്തൊരു
മഴയുടെ തുള്ളികൾ
മണ്ണ് കൊണ്ടെന്നെയും
മൂടിപ്പുതച്ച് പോയി
നാളേറെ കഴിഞ്ഞതും
മറ്റാരും കാണാതെ
മെല്ലെന്നെ കാലുകൾ
നീട്ടി നിവർന്ന് ഞാൻ
ആണ്ടുകൾ കഴിഞ്ഞതും
ഒത്തൊരു തേക്കായ്
ഞാനും വളർന്നു പോയ്

Devananda. M

# പൊൻമുട്ടയിടുന്ന താറാവ്

ഒരിടത്ത് ഒരിടത്ത് പാവപ്പെട്ട ഒരു കൃഷിക്കാരൻ വളരെ ഭംഗിയുള്ള ഒരു താറാവ് ഉണ്ടായിരുന്നു. എല്ലാ ദിവസവും ആ കൃഷികാരൻ കൂട്ടിൽ പോയിനോക്കുമ്പോൾ താറാവ് ഒരു തിളങ്ങുന്ന സ്വർണ്ണമുട്ട ഇട്ടിട്ടുണ്ടായിരിന്നു. അയാൾ അതി ചന്തയിൽ കൊണ്ടുപോയി വിൽക്കുകയും അങ്ങനെ ധനികനാവുകയും ചെയ്തു. പക്ഷെ ഇത് അധികനാൾ നീണ്ടുനിന്നില്ല. എല്ലാ ദിവസവും ഒരു മുട്ട മാത്രം ലഭിക്കുന്നതോർത്ത് അയാൾ നിരാശനായി. പെട്ടെന്ന് ധനികനാകാൻ അദ്ദേഹം ആഗ്രഹിച്ചു. ഒരു ദിവസം പണമൊക്കെ എണ്ണിതിട്ടപ്പെടുത്തി അയാൾക്കൊരു ആശയം ഉദിച്ചു. ഞാൻ ആ താറാവിനെ കൊന്ന് അതിലുള്ള എല്ലാ മുട്ടയും പുറത്തെടുക്കും. അപ്പോൾ എനിക്ക് പെട്ടന്ന് ധനികനാവാം. അത്യാഗ്രഹിയായ മനുഷ്യൻ ആ താറാവിനെ കൊന്ന് അതിലുള്ള എല്ലാ മുട്ടകളും പുറത്തെടക്കാൻ അതിന്റെ വയറ് തുറന്ന് നോക്കി. പക്ഷെ അയാൾക്ക് ഒരു മുട്ട പോലും കിട്ടിയില്ല. ആ താറാവ് ചത്തുപോവുകയും ചെയ്തു.

ഗുണപാഠം;

അത്യാഗ്രഹം ആപത്താണ്

Vyshnavi.P.M

# വരയിലൂടെ





DON'T LET DRUGS TAKE CONTROL ON YOUR LIFE
EDUCATION
ILLEGAL DRUGS











































ANVITHA
KALIYAN
Parrots



